# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6803** **04.04.2018-ൽ മറുപടിയ്ക്ക്**

**<u>മത്സ്യബന്ധനത്തൊഴിലാളികൾക്കായി സമ്പൂർണ്ണ ഭവനനിർമ്മാണം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | മത്സ്യബന്ധനത്തൊഴിലാളികൾക്കായി ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | 2017-18 ൽ പ്രഖ്യാപിച്ച സമഗ്ര ഭവനനിർമ്മാണ പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; | ബി) | പദ്ധതി പൂർണ്ണ തോതിൽ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| സി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | സി) | കടലാക്രമണം രൂക്ഷമായതും തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിയ്ക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ "അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും" എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | പദ്ധതി ഘടകങ്ങൾ | വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധന സഹായം @ 4 ലക്ഷം രൂപ | 4800.00 |

| | | |
|---|---|---|
| 2 | 50 മീറ്ററിനുളളിൽ വസിക്കുന്നവരെ പുനരധിവസിപ്പിയ്ക്കുന്നതിന്റെ ഭാഗമായി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം @ 10 ലക്ഷം രൂപ | 7500.00 |
| 3 | തീരദേശത്ത് 50 മീറ്ററിനുളളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിയ്ക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് | 700.00 |
| 4 | 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 ഫ്ളാറ്റ് അപ്പാർട്ടുമെന്റുകളുടെ നിർമ്മാണം | 2000.00 |
| | ആകെ | 15000.00 |

പദ്ധതി പ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ജില്ലാ ഓഫീസുകൾ മുഖേന അപേക്ഷകൾ ക്ഷണിക്കുകയും ഇതിന്റെ ഫീൽഡ് ലെവൽ പരിശോധന അർഹരായവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്ന നടപടികൾ പുരോഗമിച്ചു വരികയാണ്.

ഭൂരഹിതരും ഭവനരഹിതരായ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുളള ഫ്ളാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

കൂടാതെ തിരുവനന്തപുരം കാരോട് വില്ലേജിൽ ഫിഷറീസ് വകുപ്പ് വിലയ്ക്ക് വാങ്ങിയ 105.55 ആർ സ്ഥലത്ത് 128 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുളള ഫ്ളാറ്റ് അപ്പാർട്ട്മെന്റ് നിർമ്മിക്കുന്നതിനുളള പ്രവർത്തന

ങ്ങൾ ആരംഭിച്ചിട്ടുണ്ട്. കടൽതീരത്ത് 50 മീറ്ററിന് പുറത്തുള്ള ഭവനരഹിത ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിൽ ഭവനം ലഭിക്കുന്നതാണ്.

ഡി) കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ താമസിക്കുന്നവരെ സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി എവിടെയൊക്കെ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം നൽകമോ?

ഡി) സംസ്ഥാനത്ത് കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിയ്ക്കുന്നതിനായി 25 കോടി രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

പദ്ധതി പ്രകാരം യൂണിറ്റിന് 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുളളത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾക്കായി ആകെ 572 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുളളത്. ഈ തുക തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**